കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലുവ നഗരസഭ - താൽക്കാലിക നടപ്പാലത്തിന്റെ നിർമ്മാണത്തിലെ ക്രമക്കേട് - വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ട് - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ.കെ. സഹജനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3192/2015/ത.സ്വ.ഭ.വ    തീയതി, തിരുവനന്തപുരം, 27.10.2015.

==========================================================================

പരാമർശം:-

1) വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ ഡയറക്ടറുടെ 15.07.2013 തീയതിയിലെ E7(SC.11/13/EKM) 10769/13 നമ്പർ കത്ത്.
2) 21.12.2013 തീയതിയിലെ 70458/ഇയു1/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ.ആർ.കെ. സഹജന്റെ 26.05.2014 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 14.01.2015 തീയതിയിലെ വി1-21240/2013 നമ്പർ കത്ത്.

**ഉത്തരവ്**

ആലുവാ ശിവരാത്രി ആഘോഷങ്ങളുടെ ഭാഗമായി പെരിയാർ നദിക്ക് കുറുകെ നിർമ്മിച്ച താൽക്കാലിക നടപ്പാലത്തിന്റെ നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. ജെറോം മൈക്കിൾ എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് ആലുവ നഗരസഭയിൽ 6.4.2013 തീയതിയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം നഗരസഭാ സെക്രട്ടറിയ്ക്കെതിരെ അച്ചടക്ക നടപടി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. കെ. സഹജന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

1) നിർമ്മാണം സംബന്ധിച്ച എസ്റ്റിമേറ്റ്, ടെണ്ടർ ഷെഡ്യൂൾ, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവയിൽ നടപ്പാതയുടെ മുകളിൽ 32 mm ആഞ്ഞിലി മരത്തിന്റെ പലക, 1.25 mm ജി.ഐ. ഷീറ്റ് എന്നിവ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് 25 mm കട്ടികൂടിയ പ്ലൈവുഡ് എന്ന് പ്രസ്തുത രേഖകളിൽ തിരുത്തിയിരുന്നു.

2) ടെണ്ടർ ഷെഡ്യൂൾ, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവയിലെ തിരുത്തുകളിൽ യാതൊരു അധികാരിയും ഒപ്പു വെച്ചിട്ടില്ല.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ആർ. കെ. സഹജൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

ഇക്കാര്യത്തിൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരമുള്ള കത്തിൽ ചുവടെ പറയും പ്രകാരം അറിയിച്ചിട്ടുണ്ട്:-

''താൽക്കാലിക പാലം നിർമ്മാണത്തിന് 6 സേഫ്റ്റി ഗാലറി ഉൾപ്പെടെ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ പാലത്തിന്റെ നിർമ്മാണത്തിനായി പല പ്രാവശ്യം ടെണ്ടർ വിളിച്ചിരുന്നെങ്കിലും ആരും തന്നെ ഏറ്റെടുക്കുവാൻ തയ്യാറാകാതിരുന്നതിനാൽ സേഫ്റ്റി ഗാലറികൾ നിർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ടി തുക നൽകിയെന്ന പരാമർശം തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. ടി സാഹചര്യത്തിൽ സേഫ്റ്റി ഗാലറിക്കുള്ള തുക നൽകിയിട്ടില്ല. ഡ്യൂട്ടിയിൽ ഉള്ള പോലീസുകാർക്ക് നിൽക്കുന്നതിനു വേണ്ടിയാണ് എസ്റ്റിമേറ്റിൽ സേഫ്റ്റി ഗാലറി ഉൾപ്പെടുത്തിയതെന്നും എന്നാൽ പാലത്തിന് ആവശ്യത്തിനുള്ള വീതി ഉള്ളതിനാൽ സേഫ്റ്റി ഗാലറി ആവശ്യമില്ലെന്ന് പോലീസ് ഉദ്യോഗസ്ഥർ അറിയിച്ചതിനാലാണ് ഗ്യാലറികളുടെ നിർമ്മാണം നിർത്തിവച്ചതെന്നും അതിന്റെ തുക കരാറുകാരന് നൽകിയിട്ടില്ലായെന്നും, ആഞ്ഞിലിമരം എന്നത് തിരുത്തി പ്ലൈവുഡ് ആക്കിമാറ്റി എന്നത് ടൈപ്പിംഗിൽ സംഭവിച്ച തെറ്റാണെന്നും പ്ലൈവുഡിന്റെ നിരക്ക് മാത്രമാണ് നൽകിയിട്ടുള്ളതെന്നും എസ്റ്റിമേറ്റ് പ്രകാരം നിർമ്മിച്ച പ്ലാറ്റ്ഫോം, ഹാൻഡ് റെയിൽസ് എന്നിവ വമ്പിച്ച ജനത്തിരക്ക് അനുഭവപ്പെടാറുള്ള ശിവരാത്രിയോട് അടുത്തുവരുന്ന കുറച്ച് ദിവസങ്ങളിൽ മാത്രമാണെന്നും ആ ദിവസങ്ങൾ കഴിഞ്ഞാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കാൻ തുടർന്ന് നിലനിർത്തിയില്ലെന്നും ആയതിനാലാണ് വിജിലൻസ് എൻക്വയറി സമയത്ത് ഇത് കണ്ടെത്തുവാൻ സാധിക്കാതെ വന്നതെന്നും ആകയാൽ ടി താൽക്കാലിക പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ നടപടിക്രമങ്ങൾ പാലിക്കുന്നതിന് വന്ന പാകപ്പിഴവുകളല്ലാതെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വരുത്തുന്ന രീതിയിലുള്ള എന്തെങ്കിലും പ്രവൃത്തികൾ സെക്രട്ടറി ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ.ആർ.കെ. സഹജന്റെ ഭാഗത്ത് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.''

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൽക്കാലിക പാലത്തിൽ സേഫ്റ്റി ഗാലറി നിർമ്മിച്ചിട്ടില്ലാത്തതിനാൽ തുക നൽകിയിട്ടില്ലെന്ന് ആലുവാ നഗരസഭാ സെക്രട്ടറി അറിയിച്ചതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആഞ്ഞിലി മരം എന്നത് പ്ലൈവുഡ് എന്നായി മാറിയത് ടൈപ്പിംഗിൽ സംഭവിച്ച പിഴവാണെന്നും ഇക്കാര്യത്തിൽ നിരക്ക് സംബന്ധിച്ച് തിരുത്തൽ വരുത്തിയിട്ടില്ല എന്നും കാണുന്നു. ശിവരാത്രി ആഘോഷങ്ങളോടനുബന്ധിച്ച് തിരക്കിട്ട് താൽക്കാലിക പാലം നിർമ്മിച്ചപ്പോഴുണ്ടായ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വന്ന പാകപ്പിഴയല്ലാതെ ഈ വിഷയത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം

ഉണ്ടായിട്ടില്ലെന്ന നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് ഈ കാലയളവിൽ ആലുവാ നഗരസഭാ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന റവന്യൂ ഓഫീസർ ശ്രീ. ആർ.കെ. സഹജനെതിരായി ആരംഭിച്ച അച്ചടക്ക നടപടി ഭാവിയിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ആലുവ നഗരസഭ.
ശ്രീ. ആർ.കെ. സഹജൻ, മുൻ നഗരസഭാ സെക്രട്ടറി (ഇൻചാർജ്ജ്)
ആലുവാ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**